

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 -26

## ജി.എം.യു.പി സ്കൂൾ അരീക്കോട്

# ഉള്ളടക്കം


- സ്കൂൾ നേടിയ പ്രധാന ബഹുമതികൾ 2
- സ്കൂൾ വിവരങ്ങൾ 4
- ആമുഖം 5
- വിദ്യാലയ ചരിത്രം 6
- അടിസ്ഥാന വിവരങ്ങൾ 7
- വിദ്യാലയത്തിന്റെ ശക്തി 9
- വെല്ലുവിളികൾ / ദർശനം 10
- ലക്ഷ്യങ്ങൾ 11
- ഡ്യൂട്ടി ചാർട്ട് (അധ്യാപകർ/സ്റ്റാഫ്) 12
- പ്രവർത്തന കലണ്ടർ (വാർഷിക പ്ലാൻ) 13
- നൂതന പ്രവർത്തനങ്ങൾ 23
- ക്ലബ്ബ് പ്രവർത്തനങ്ങൾ 27
- സമൂഹ പിന്തുണയിലൂന്നിയ പ്രവർത്തനങ്ങൾ 36
- എൽ.പി. (ലോവർ പ്രൈമറി) അക്കാദമിക് മാസ്റ്റർ പ്ലാൻ 37
- യു.പി. (അപ്പർ പ്രൈമറി) അക്കാദമിക് മാസ്റ്റർ പ്ലാൻ 46
- ഉപസംഹാരം 63

## MAIN ACCOLADES

| | |
|---|---|
| ❖ Best PTA Award | (Kerala State) |
| ❖ Best Seminar Paper | (State English Seminar) |
| ❖ Best Innovative School Award | (Malappuram District) |
| ❖ Drive Seminar Best Paper | (Malappuram DIET) |
| ❖ Best Seminar Paper | (Malappuram District Panchayath) |
| ❖ Runner up in school kalolsavam | (Malappuram District) |
| ❖ Winner in school kalolsavam | (Areekode Sub District) |
| ❖ Science fair (overall first) | (Areekode Sub District) |
| ❖ Maths fair (overall first) | (Areekode Sub District) |
| ❖ SS fair (overall first) | (Areekode Sub District) |
| ❖ Work Experience fair | (overall first) (Areekode Sub District) |
| ❖ Maths fair | (overall first) (Areekode Sub District) |
| ❖ Vidyarangam vayana activities | (overall first) (Areekode Sub District) |

# സ്കൂൾ വിവരങ്ങൾ

- സ്കൂളിന്റെ പേര് : GMUP SCHOOL AREEKODE
- സ്ഥാപിക്കപ്പെട്ട വർഷം : 1911
- സ്കൂൾ കോഡ് : 48237
- UDISE കോഡ് : 32050100101
- മേൽവിലാസം : അരീക്കോട് , മലപ്പുറം
- റവന്യൂ ജില്ല : മലപ്പുറം
- വിദ്യാഭ്യാസ ജില്ല : Wandoor
- സബ്ജില്ല : Areekode
- താലൂക്ക് : ഏറനാട്
- പിൻകോഡ് : 673639
- ഫോൺ നമ്പർ : 0483-2844588
- ഇ മെയിൽ അഡ്രസ് : gmupsareacode@gmail.com
- ഗ്രാമ പഞ്ചായത്ത് : Areekode
- ക്ലാസുകൾ : STD 01 TO STD 07 (LKG AND UKG)
- മാനേജ്മെന്റ് : ഗവണ്മെന്റ്
- പഠനമാധ്യമം : മലയാളം ,ഇംഗ്ലീഷ്
- ഹെഡ്മാസ്റ്ററുടെ പേര് : സുധാകരൻ പി
- PTA പ്രസിഡന്റിന്റെ പേര് : ശരീഫ് കളത്തിങ്കൽ
- എസ് എം സി ചെയർമാൻ : റഫത്തുള്ള
- എം പി ടി എ ചെയർപേഴ്സൺ : നജീറ
- വിദ്യാലയ വികസന സമിതി ചെയർമാൻ : എം പി ബി ഷൗക്കത്ത്
- SITC യുടെ പേര് : അഷ്റഫ് മോളയിൽ

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് . അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ അരീക്കോട് ജി എം യു പി സ്കൂളിന് കഴിയുന്നു. അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നേടാൻ കഴിഞ്ഞു. ബെസ്റ്റ് പി ടി എ അവാർഡ്, ബെസ്റ്റ് ഇന്നൊവേറ്റീവ് അവാർഡ് എന്നിവ സ്കൂളിന് നേടാൻ കഴിഞ്ഞത് കഴിഞ്ഞ കാലങ്ങളിലെ അക്കാഡമിക മാസ്റ്റർ പ്ലാൻ പൂർണമായും പ്രാവർത്തികമാക്കാൻ കഴിഞ്ഞത് കൊണ്ടാണ് എന്ന കാര്യത്തിൽ സംശയമില്ല . പൊതുവിദ്യാലയത്തിന്റെ മികവുകൾ സമൂഹമധ്യത്തിലെത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ സെമിനാറിൽ പങ്കെടുത്ത് സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ.

എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി നൽകുന്ന കരാട്ടേ, സൂംബാ പരിശീലനങ്ങളിലൂടെ അവരുടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും മാനസികോല്ലാസത്തിനും സ്കൂൾ വഴിയൊരുക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. പി ടി എ , എസ് എം സി എന്നിവയുടെ കൂട്ടായ്മയിലൂടെ ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെമുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം. സ്കൂൾ രൂപംകൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം.

കഴിഞ്ഞ കാല അക്കാഡമിക മാസ്റ്റർപ്ലാനിൽ സാക്ഷാൽക്കരിക്കാൻ കഴിയാതിരുന്ന ലക്ഷ്യങ്ങൾ കൂടി പുതിയ മാസ്റ്റർപ്ലാനിന്റെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ സ്കൂളിന്റെ ഹ്രസ്വ കാല ലക്ഷ്യങ്ങൾ (അടുത്ത ഒരു വർഷം കൊണ്ട് സാക്ഷാൽക്കരിക്കേണ്ടത്) ദീർഘകാല ലക്ഷ്യങ്ങൾ (അഞ്ചു വർഷങ്ങൾക്കുള്ളിൽ സാക്ഷാൽക്കരിക്കേണ്ടത്) എന്ന രീതിയിലും അക്കമിട്ടു നിരത്തിയിട്ടുണ്ട്. ഈ വിദ്യാലയ മാസ്റ്റർ പ്ലാനിനു പുറമെ ക്ലാസ് തലത്തിലും വിഷയ തലത്തിലും ഓരോ അധ്യാപകരും മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിലുള്ള ലക്ഷ്യങ്ങളെല്ലാം സാക്ഷാത്കരിക്കേണ്ടത് പൊതു വിദ്യാഭ്യാസത്തോടും കുട്ടികളോടെയും രക്ഷിതാക്കളോടും ചെയ്യുന്ന മഹത്തരമായ കർത്തവ്യമാണ്. അത് നമ്മുടെ കടമയാണ്.



## ജി എം യു പി സ്കൂൾ അരീക്കോട് ...

## നമ്മുടെ സ്വന്തം വിദ്യാലയം

## (വിദ്യാലയ ചരിത്രം)

സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയുടെ കാലടിപ്പാടുകളാണ്വിദ്യാലയങ്ങളുടെ ചരിത്രം. ആധുനിക അരീക്കോടിനെ വാർത്തെടുത്ത, കളരിയുടെ സംസ്കാരിക, കായിക, നവോത്ഥാന, വിദ്യാഭ്യാസ മേഖലക്ക് കനപ്പെട്ട സംഭാവനകളർപ്പിച്ച ഒരു വിദ്യാലയത്തിന്റെ കഥ, അതിനൊപ്പം വളർന്ന നാടിന്റെ കൂടി കഥയാണ്. നൂറ് വർഷങ്ങൾക്കു മുമ്പുള്ള ഏറനാടിന്റെ സാമൂഹികാവസ്ഥ പ്രത്യേകം പറയേണ്ടതില്ല. തൊഴിലവസരങ്ങൾ കുറഞ്ഞ, ദാരിദ്ര്യം നിറഞ്ഞ ഗ്രാമം.

ഇത്തരമൊരു സാമൂഹിക സാഹചര്യത്തിലാണ് വിദ്യയുടെ ദിവ്യപ്രഭ ചൊരിഞ്ഞ്, ഇന്ന് നാം അഭിമാനപൂർവം പുളിക്കൽ സ്കൂൾ എന്നു വിളിക്കുന്ന, മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് മാപ്പിള ലോവർ എലമെന്ററി സ്കൂൾ ഫോർ ബോയ്സ് എന്ന ഏകാധ്യാപക വിദ്യാലയം ഇവിടെ പ്രവർത്തനമാരംഭിക്കുന്നത്. കാവനൂർ, ഊർങ്ങാട്ടിരി, ഉഗ്രപുരം, വിളയിൽ, തുടങ്ങിയ അയൽ പ്രദേശക്കാരും ഒതായി എടവണ്ണ തുടങ്ങിയ വിദൂര ദേശക്കാരും ഇവിടെ പഠിച്ചു. 1911ൽ പ്രവർത്തനമാരംഭിച്ചതായി പറയപ്പെടുന്നുവെങ്കിലും, 1914 മുതലുള്ള രേഖകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രവേശനപ്പട്ടികയിൽ ഒന്നാം പേരുകാരനായ കുഞ്ഞുണ്ണി പണിക്കർ ജൂൺ ഒന്നിന് ചേർന്നതായി കാണാം. എന്നാൽ രണ്ടാമത്തെ വിദ്യാർത്ഥി അമ്പാഴത്തിങ്ങൽ അബ്ദുറഹ്മാൻ അതേവർഷം ഒക്ടോബറിലാണ് ചേരുന്നത്. 1920ൽ അഞ്ചാം ക്ലാസ് പൂർത്തിയാക്കിയാണ് ഇരുവരും ഇവിടെ നിന്ന് വിടുതൽ വാങ്ങുന്നത്. മൂന്നാമത്തെ വിദ്യാർഥി, കൊല്ലത്തൊടി ചേക്കുട്ടി ചേരുന്നത് 1915 ഒക്ടോബർ ഒന്നിനാണ്. ഇത്, അക്കാലത്ത് സ്കൂൾ പ്രവേശനം സമയബന്ധിതമായിരുന്നില്ല എന്നു കാണിക്കുന്നു. 1916 ഫെബ്രുവരി ഒന്നിന് ചേർന്ന നിമ്മിണിപ്പുറത്ത് കയ്യാമയാണ് ഇവിടത്തെ ആദ്യ വിദ്യാർഥിനി, ഖാദിയായിരുന്ന മുസ്ല്യാരകത്ത് അബൂബക്കർ ഖാദിയുടെ രണ്ടു പെൺമക്കൾ ഇവിടെ പഠിച്ചിരുന്നു എന്നത്, സ്ത്രീ വിദ്യാഭ്യാസത്തോട് അരീക്കോട്ടെ മുസ്‌ലിം സമൂഹത്തിനുണ്ടായിരുന്ന ആഭിമുഖ്യത്തെ സാക്ഷ്യപ്പെടുത്തുന്നു.

ലഭ്യമായ അധ്യാപക രജിസ്റ്റർ പ്രകാരം 1931 ഒക്ടോബർ വരെ ഏകാധ്യാപക വിദ്യാലയമായിരുന്ന സ്കൂളിൽ, നവംബർ ഒന്നിന് ഒ.പി മുഹമ്മദ് രണ്ടാമധ്യാപകനായി എത്തി. അഞ്ചാം ക്ലാസ് വരെയുള്ള ലോവർ എലമെന്ററി, ആറു മുതൽ എട്ടു വരെയുള്ള ഹയർ എലമെന്ററി, ഒമ്പതു മുതൽ പതിനൊന്ന് വരെയുള്ള ഹൈസ്കൂൾ എന്നിങ്ങനെയായിരുന്നു അന്നത്തെ സ്കൂൾ ഘടന.1936, ഏറനാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള വർഷമാണ്. അക്കൊല്ലമാണ് അരീക്കോട്ടെ ലോവർ എലമെന്ററി,ഹയർ എലമെന്ററി സ്കൂളായി ഉയർത്തിയത്.പ്രധാനാധ്യാപകൻ കെ.എൻ അബ്ദുൽ അസീസും നാട്ടുകാരായ നാലകത്ത് മുഹമ്മദാജി, നാലകത്ത് അബ്ദുർറഹ്മാൻ, നാട്ടുകാർ സ്നേഹപൂർവം കുട്ടിമാൻക എന്നു വിളിച്ച അമ്പാഴത്തിങ്ങൽ അഹമദ് എന്നിവരടക്കം ആറുപേരായിരുന്നു ഹയർ എലമെന്ററിയിലെ ആദ്യവർഷ അധ്യാപകർ. 1937 മേയ് മാസത്തിൽ സ്കൂളിലെ പൂർവ വിദ്യാർഥികളായ നാലകത്ത് മോലിക്കുട്ടിയും കൊല്ലത്തൊടി ചേക്കുട്ടിയും അധ്യാപകരായെത്തി. 1938 സെപ്റ്റംബർ മാസത്തിലാണ് ശിഷ്യരുടെയെല്ലാം ആരാധനാപാത്രമായി മാറിയ, സ്കൂളിലെ പൂർവവിദ്യാർഥികൂടിയായ പി.എം. കുമാരൻ നായർ ഇവിടെ അധ്യാപകനായെത്തുന്നത്. ശിശുക്ലാസ് മുതൽ എട്ടാം തരം വരെയുള്ള സ്കൂളിനെ ദീർഘ കാലം നയിച്ചത് അദ്ദേഹമായിരുന്നു. ആരംഭം മുതൽ പ്രഗത്ഭരായ അധ്യാപകരാലും പ്രതിഭാധനരായ വിദ്യാർത്ഥികളാലും ഈ വിദ്യാലയം അനുഗ്രഹീതമായിരുന്നു.

# വിദ്യാലയത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

1. കുട്ടികളുടെ എണ്ണം **(2025-26)**

| CLASS | NO OF STUDENTS | | | NO OF DIVISION |
|---|---|---|---|---|
| | BOYS | GIRLS | TOTAL | |
| STD 1 | 43 | 56 | 79 | 03 |
| STD 2 | 51 | 49 | 100 | 03 |
| STD 3 | 40 | 36 | 76 | 03 |
| STD 4 | 43 | 55 | 98 | 04 |
| STD 5 | 66 | 49 | 115 | 04 |
| STD 6 | 54 | 67 | 121 | 04 |
| STD 7 | 64 | 80 | 144 | 04 |
| TOTAL | 361 | 372 | 733 | 25 |

2. പി ടി എ നടത്തുന്ന പ്രീ സ്കൂൾ കുട്ടികളുടെ വിവരങ്ങൾ **(2025-26)**

| CLASS | NO OF STUDENTS | | | NO OF DIVISION |
|---|---|---|---|---|
| | BOYS | GIRLS | TOTAL | |
| LKG | 23 | 17 | 40 | 01 |
| UKG | 15 | 16 | 31 | 01 |
| TOTAL | 38 | 33 | 71 | 02 |

3. ഭൗതിക സൗകര്യങ്ങൾ **(2025-26)**

| ഭൗതിക സൗകര്യം | എണ്ണം | ഭൗതിക സൗകര്യം | എണ്ണം |
|---|---|---|---|
| ക്ലാസ്സ് മുറികൾ | 25 | സയൻസ് ലാബ് | 01 |
| പ്രീ പ്രൈമറി | 02 | കമ്പ്യൂട്ടർ ലാബ് | 01 |
| അടുക്കള & സ്റ്റോർ | 01 | ലൈബ്രറി | 01 |
| ടോയ്‌ലറ്റ് (BOYS) | 14 | ടോയ്‌ലറ്റ് (BOYS) | 15 |
| ടോയ്‌ലറ്റ് (CWSN) | 02 | ഓപ്പൺ സ്റ്റേജ് | 01 |
| ഓഫീസ് | 01 | കുട്ടികളുടെ പാർക്ക് | 01 |
| സ്റ്റാഫ് റൂം | 01 | | |

# STAFF DETAILS (2025-26)

| STAFF DEATILS (GOVT) | NUMBER | STAFF DEATILS (PTA) | NUMBER |
|---|---|---|---|
| HEADMASTER | 01 | LIBRARIAN | 01 |
| UPSA | 11 | IT TEACHERS | 02 |
| LPSA | 13 | KG TEACHERS | 02 |
| ARABIC (LPSA) | 02 | CLEANING STAFF | 02 |
| ARABIC (UPSA) | 02 | | |
| HINDI (UPSA) | 02 | | |
| OFFICE ASSISTANT | 01 | | |
| PTCM | 01 | | |
| NOON MEAL STAFF | 02 | | |
| HTV | 01 | | |
| TOTAL | 36 | TOTAL | 07 |



## വിദ്യാലയത്തിന്റെ നേട്ടങ്ങൾ (ശക്തി)

- ഐ ടി പഠനം കാര്യക്ഷമമായി നടപ്പിലാക്കുന്നു. പൂർണമായും ഇന്റർനെറ്റ് സൗകര്യം. 36 കമ്പ്യൂട്ടറുകൾ (ഓരോ കുട്ടിക്കും ഓരോ കംപ്യൂട്ടർ) 24 ഡെസ്ക്ടോപ്പുകൾ 12 ലാപ് ടോപ്പുകൾ
- CENTRALIZED AIR-CONDITIONED LAB AND LIBRARY
- E CUBE സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്ത് ഇംഗ്ലീഷ് ഭാഷ പരിശീലനത്തിന് വേണ്ടി പ്രത്യേക സമയം കണ്ടെത്തി
- പാഠ ഭാഗങ്ങൾ മൾട്ടി മീഡിയ ആനിമേഷനോട് കൂടി പഠിക്കാൻ സൗകര്യം (SMART TV)
- വായന പരിപോഷിപ്പിക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ലൈബ്രറി സജ്ജീകരിച്ചു.പതിനായിരത്തോളം പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കി .മലയാള/ഇംഗ്ലീഷ് പത്രങ്ങളും ആനുകാലികങ്ങളും ലൈബ്രറിയിൽ ലഭ്യമാക്കി
- കുട്ടികൾക്ക് ലൈബ്രറിക്ക് വേണ്ടി പ്രത്യേക പീരീഡ് അനുവദിച്ചു
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൈത്താങ് നൽകാൻ പ്രത്യേക കേന്ദ്രങ്ങൾ കണ്ടെത്തി
- അവധി ദിനങ്ങളിൽ കുട്ടികളെ കോർണർ കേന്ദ്രങ്ങളിൽ വരുത്തി പരിഹാര ബോധന ക്ലാസുകൾ നൽകി
- പ്രത്യേക കൈപുസ്തകങ്ങൾ/വർക്ക് ഷീറ്റുകൾ നൽകി .കോർണർ ആർ പി മാർക്ക് വിദഗ്ധ പരിശീലനം ഒരുക്കി
- കോവിഡ് കാലത്ത് നിർധനരായ കുട്ടികൾക്ക് മൊബൈൽ ഫോണുകൾ നൽകി
- ക്ലാസ്സിൽ അധ്യാപകരില്ലാത്ത സമയത്ത് ക്ലാസ് കൈകാര്യം ചെയ്യാൻ 'അമ്മ ടീച്ചർമാർ എന്ന പേരിൽ എസ്.എസ്.ജി അംഗങ്ങളെ ഉപയോഗപ്പെടുത്തി .കലാ കായിക ശാസ്ത്ര മേളകളിൽ കുട്ടികൾക്ക് പരിശീലനം നൽകാൻ 'അമ്മ ടീച്ചർമാരുടെ ഒരു വിദഗ്ധ സംഘം തന്നെ ഉണ്ടായിരുന്നു
- പൂർവ വിദ്യാർത്ഥികളായ പ്രൊഫഷണലുകളുടെ വിദഗ്ധ ക്ലാസുകൾ സംഘടിപ്പിച്ചു
- പഠനോപകരണങ്ങൾ സമാഹരിക്കാൻ പൂർവ വിദ്യാർത്ഥികളെയും പൂർവാധ്യാപകരെയും ഉപയോഗപ്പെടുത്തി
- കര കൗശല നിർമ്മാണം ,പാവ നാടകം ,കൃഷി മുതലായ കാര്യങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി നാട്ടിൽ ലഭിക്കാവുന്ന റിസോഴ്സ് പേഴ്സൺസിനെ സ്കൂളിൽ എത്തിച്ചു
- ഉച്ച ഭക്ഷണ പദ്ധതി വിപുലപ്പെടുത്താൻ നാട്ടിലെ നല്ലവരായ സഹായ മനസ്കരുടെ സേവനം പ്രയോജനപ്പെടുത്തി
- കോവിഡ് കാലത്തെ പഠന വിടവ് പരിഹരിക്കാൻ വേണ്ടി നടത്തിയ സ്മാർട്ട് പദ്ധതിയിൽ വിദ്യ സമ്പന്നരായ എസ്.എസ്.ജി അംഗങ്ങളെയും സി.എസ്.എസ് വളന്റിയർമാരെയും ഉപയോഗപ്പെടുത്തി
- ഇന്ററാക്ടിവ് സ്റ്റുഡിയോ ,ലൈബ്രറി തുടങ്ങിയ അക്കാദമിക സമുച്ചയങ്ങൾ നിർമ്മിക്കാൻ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള വ്യക്തികളുടെ സഹായം സ്വീകരിച്ചു
- വിദഗ്ദരായ ബ്യൂറോക്രാറ്റുകൾ,ഡോക്ടർമാർ, മറ്റു പ്രൊഫെഷനലുകൾ തുടങ്ങിയവരുടെ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു
- കരാട്ടെ,യോഗ,സ്പോർട്സ്, കലാമേള,ശാസ്ത്ര മേള തുടങ്ങിയ പരിശീലനങ്ങളിൽ നാട്ടിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി




## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

- ✓ കുട്ടികളുടെ ബാഹുല്യത്തിനനുസരിച്ചുള്ള സ്ഥല പരിമിതി.
- ✓ കളിസ്ഥലത്തിന്റെ അഭാവം
- ✓ പ്രാദേശികസാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ
- ✓ കുട്ടികളനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന ക്രമരഹിത ഹാജരും പഠനപിന്നാക്കാവസ്ഥയും
- ✓ പൊതുവെ ആൺകുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ താൽപര്യമില്ലായ്മ
- ✓ ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാശേഷികൾ ആർജിക്കാത്ത അവസ്ഥ
- ✓ സാമൂഹ്യജീവിതത്തിന് അവശ്യം വേണ്ട പെരുമാറ്റരീതികളുടെ/ശീലങ്ങളുടെ വികാസക്കുറവ്
- ✓ പ്രാദേശികസാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ
- ✓ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ കുറവ്
- ✓ വിവരസാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ
- ✓ ഓരോ വിഷയത്തിനും കുട്ടികൾക്കു താൽപര്യമുണ്ടാക്കാവുന്ന പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്




## വിദ്യാലയ ദർശനം (OUR VISION)

- ➢ അധ്യാപകരും വിദ്യാർത്ഥികളും കൈകോർത്ത് സ്കൂളിനെ തന്നെ പാഠപുസ്തകമാക്കി മാറ്റുകയും പ്രവർത്തനാധിഷ്ഠിത ക്ലാസ്സ്മുറികളിലൂടെ ഓരോ കുട്ടിക്കും ഓരോ ഇടം നൽകുന്ന കേന്ദ്രമായി വിദ്യാലയത്തെ മാറ്റുക.
- ➢ പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടമാക്കി മാറ്റുക
- ➢ ജനാധിപത്യബോധം, മതേതരത്വം, സാഹോദര്യം എന്നിവ ഊട്ടിയുറപ്പിക്കുന്ന ഇടമായി വിദ്യാലയത്തെ പരിവർത്തിപ്പിക്കുക
- ➢ വിജ്ഞാനം നിർമിക്കപ്പെടുന്ന ,ജനാധിപത്യബോധം വളരുന്ന,ജ്ഞാനനിർമിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്ന, പ്രവർത്തനാധിഷ്ഠിത ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടമായി ക്ലാസ്സ്മുറികളെ മാറ്റിയെടുക്കുക.
- ➢ നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്നതും മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന കേന്ദ്രവുമായി ക്ലാസ്സ്മുറികളെ മാറ്റിയെടുക്കുക
- ➢ വെല്ലുവിളികൾ ഏറ്റെടുത്ത് ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജിസിച്ചെടുത്ത് , ചലനാത്മകപ്രവർത്തനങ്ങളിലൂടെ ജനാധിപത്യബോധത്തിന്റെ കാവലാളുകളാക്കി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.
- ➢ പഠനം ആസ്വാദ്യകരമാക്കി , ശാസ്ത്രബോധം സൃഷ്ടിച്ച് , സാമൂഹികമൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും വികസിപ്പിച്ച് നിത്യജീവിതത്തെ വസന്തമാക്കി മാറ്റാൻ കഴിവുള്ള പുതിയ തലമുറയെ വാർത്തെടുക്കുക.
- ➢ പി ടി എ , എസ് എം സി , എം പി ടി എ , എസ് എസ് ജി , അലുംനി തുടങ്ങിയ സ്കൂൾ സ്റ്റാക്ക് ഹോൾഡേഴ്സിനെയും ഒരു കണ്ണിയായി ചേർത്ത് പ്രാദേശിക കൂട്ടായ്മകൾ രൂപീകരിക്കുകയും അവരുടെ വൈവിധ്യമായ കഴിവുകളെ സ്കൂളിനു വേണ്ടി പൂർണമായതും ഉപയോഗപ്പെടുത്തുകയും ചെയ്യുക.




## ലക്ഷ്യങ്ങൾ

- ✓ സ്കൂൾ ഓപ്പൺ ജിം , സുമ്പ ഡാൻസ് , കരാട്ടെ ക്ലാസ് , എയറോബിക് പരിശീലനങ്ങൾ നൽകി ആരോഗ്യവും ആത്മ വിശ്വാസവുമുള്ള ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുക.
- ✓ കലാ കായിക ശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിൽ പരിശീലനം നൽകി സ്വയം പര്യാപ്തരായ തലമുറയെ വാർത്തെടുക്കുക
- ✓ പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികൾക്ക് ഓരോവിഷയത്തിലും കൈതാങ് നൽകൽ
- ✓ വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഉയർന്ന നിലവാരത്തിൽ വിവിധ ഭാഷകളിൽ (മാതൃഭാഷ, ഇംഗ്ലീഷ് ,ഹിന്ദി,അറബി) ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ
- ✓ ശാസ്ത്രപഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാശേഷികളും ശാസ്ത്രബോധവും ആർജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ
- ✓ പുതിയ വിജ്ഞാനനിർമിതിക്കും കണ്ടെത്തലുകൾക്കും കുട്ടിയെ പ്രാപ്തരാക്കൽ
- ✓ വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വിലയിരുത്താനും ഭാവിയെ രൂപകൽപന ചെയ്യാനും പ്രാപ്തരാക്കുന്ന വിധത്തിൽ ഓരോ ക്ലാസ്സിലെ കുട്ടികളെയും ഉയർന്ന സാമൂഹ്യ ശാസ്ത്ര പഠന നിലവാരത്തിലെത്തിക്കൽ.
- ✓ അനുഭവം, ഭാഷ, ചിത്രം, ബിംബനം എന്നീ ക്രമത്തിൽ ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഓരോ ക്ലാസ്സിലെയും ഏറ്റവുമുയർന്ന നിലവാരത്തിൽ ശേഷികൾ ആർജിച്ച് നിത്യജീവിതസന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ പ്രശ്നപരിഹരണത്തിനായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- ✓ കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി വിവിധ നിർമാണ പ്രവർത്തനങ്ങളിൽ നൈപുണ്യം വളർത്തൽ, സാമ്പത്തികനേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉൽപന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ.

## സ്കൂളിലെ വിവിധ ക്ലബ്ബുകൾ

- ➢ ഭാഷ ക്ലബ്ബുകൾ (മലയാളം / ഇംഗ്ലീഷ്/ ഹിന്ദി/അറബി)
- ➢ ശാസ്ത്ര ക്ലബ്
- ➢ സാമൂഹ്യ ശാസ്ത്ര ക്ലബ്
- ➢ പരിസ്ഥിതി ക്ലബ്ബ്
- ➢ സുമ്പ ക്ലബ്ബ്
- ➢ ഐ ടി ക്ലബ്ബ്
- ➢ വിദ്യാരംഗം
- ➢ ഊർജ്ജ ക്ലബ്ബ്
- ➢ പ്രവൃത്തി പരിചയ ക്ലബ്ബ്
- ➢ ഹരിത ക്ലബ്ബ്
- ➢ ഗാന്ധിദർശൻ

| DUTIES OF STAFF 2025-26 | | |
|---|---|---|
| NO | DUTY | CHARGE |
| 1 | OFFICE & ADMINISTRATION | HM |
| 2 | STAFF SECRETARY | AM |
| 3 | SRG (LP) | RAMYAMOLE |
| 4 | SRG (UP) | SHIJNA |
| 5 | LSS | SHINI, SALEENA,MANOJ,DEEPARANI |
| 6 | USS | BINSI,ASHRAF,KAIRU,MNJ |
| 7 | NOON MEAL | SALAHUDHEEN,SAJIDA |
| 8 | SITC | AM |
| 9 | PTA & MTA | SAJIDA |
| 10 | DISCIPLINE & SPG | SUMISHA/VEERANKUTTY |
| 11 | CLEANING & HEALTH | MANOJ/SAFA |
| 12 | IEDC | SHAHARBANU |
| 13 | SHASTHRAMELA AND SCIENCE CLUB | KHAIRUNNEESA & SALEENA |
| 14 | GANITHAMELA AND MATHS CLUB | BINI/PREMI |
| 15 | WORK EXPERIENCE MELA | MANOJ/RAJI |
| 16 | SS MELA AND SS CLUB | MANEETHA/SHAHARBANU |
| 17 | IT MELA | AM AND IT TRS |
| 18 | TEXTBOOK & UNIFORM | ASLAM & BINCY |
| 19 | SPORTS | ASLAM , DEEPARANI, MM |
| 20 | KALAMELA | DHANYA/DEEPA RANI/NISHA/SHINI |
| 21 | ARABIC MELA | KABEER/SALAHU |
| 22 | STUDY TOUR | AM/BINCY/ANC |
| 23 | VIDYARANGAM LP | SAJEENA |
| 24 | VIDYARANGAM UP | LIJI |
| 25 | TRANSPORTATION | SALAHU/AYISHA |
| 26 | JAGRATHA SAMITHI | RAJI/SAJIDA/KAIRU |
| 27 | KG & PUBLICITY | ANC/AM |
| 28 | SPACE & DAILY HUNT | NISHA/DHANYA |
| 29 | LIBRARY | KABEER/JISHA |
| 30 | DOCUMENTATION | SHAMEENA/ SAJEENA |
| 31 | GANDHI DARSHAN | SAFA |
| 32 | ENGLISH CLUB | VEERANKUTTY/DEEPARANI |
| 33 | ARABI CLUB | ARABIC TRS |
| 34 | HINDI CLUB | DHANYA, NISHA |
| 35 | MALAYALAM CLUB | LIJI+ ALL MALAYALAM TEACHERS |
| 36 | ELITE GROUP | AM/ANC/MM/KPV/BE |
| 37 | STAFF ROOM MAINTENANCE | RAMYA/JISHA |
| 38 | MEDICAL WING | SAJIDA/ARA-DAILY/SALAHU |
| 39 | MAINTENANCE AND REPAIR | ASLAM/ARA-DAILY/KABEER |

# പ്രവർത്തന കലണ്ടർ




## സ്കൂൾതല പ്രവർത്തനങ്ങൾ

### ജൂൺ 2
**പ്രവേശനോത്സവം**

നവാഗതരെ സ്വീകരിച്ചാനയിക്കൽ

അക്ഷര മരം

പഠനോപകരണ വിതരണം

മധുര വിതരണം

### ജൂൺ 9
**ബക്രീദ് പ്രോഗ്രാം**

മൈലാഞ്ചിയിടൽ മത്സരം

### ജൂൺ 13, 27
**SRG MEETING**

### ജൂൺ 5
**പരിസ്ഥിതി ദിനം**

ക്വിസ്

വീഡിയോ പ്രദർശനം

പരിസ്ഥിതി ദിന സന്ദേശം

അടുക്കളത്തോട്ട നിർമ്മാണം

### ജൂൺ 12
**ബാലവേല വിരുദ്ധ ദിനം**

പ്രതിജ്ഞ

ഡോക്യുമെന്ററി പ്രദർശനം

കുട്ടികളുടെ അവകാശങ്ങൾ സെമിനാർ

### ജൂൺ 19
**വായന മാസാചരണം പരിപാടികൾ**

പ്രതിജ്ഞ

ക്ലാസ് ലൈബ്രറി ശാക്തീകരണം

പി എൻ പണിക്കർ അനുസ്മരണം

'അമ്മ വായന

കുട്ടി വായന മത്സരം

ആസ്വാദനക്കുറിപ്പ് മത്സരം

കോഴിക്കോട്ടേക്കു സാഹിത്യ യാത്ര

പുസ്തക വണ്ടി

ക്വിസ്

സാഹിത്യകാരന്മാരെ കുറിച്ച് ഡോക്യുമെന്ററി പ്രദർശനം

### ജൂൺ 21
**യോഗ ദിനം**

യോഗ ഡെമോ

സ്ലോഗൻ നിർമ്മാണം

### ജൂൺ 26
**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം**

ഫ്ലാഷ് മൊബ്

ലഹരി വിരുദ്ധ പ്രതിജ്ഞ

സ്മാർട്ട് ടി വി ഉപയോഗപ്പെടുത്തൽ

ലഹരിക്കെതിരെ സുമ്പ



# GMUP SCHOOL

AREEKODE

MALAPPURAM




# വിദ്യാഭ്യാസ കലണ്ടർ 2025-26

## ജൂലൈ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
|  |  | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | ചിന്തയാണ് വിദ്യാഭ്യാസത്തിന്റെ കാതൽ - ഗാന്ധിജി | |

## സ്കൂൾതല പ്രവർത്തനങ്ങൾ

### ജൂലൈ 11
**ജനസംഖ്യ ദിനം**

സെമിനാർ എസ് എസ് ക്ലബ്ബ്

ലേഖന മത്സരം

പോസ്റ്റർ മത്സരം

### ജൂലൈ 21
**ചാന്ദ്ര ദിനം**

ക്വിസ്

ഡോക്യുമെന്ററി പ്രദർശനം

റോക്കറ്റ് നിർമ്മാണം

### ജൂലൈ 28
**പ്രകൃതി സംരക്ഷണ ദിനം**

പ്രകൃതി നടത്തം

അടുക്കളത്തോട്ട നിർമ്മാണം

പോസ്റ്റർ നിർമ്മാണം

### ജൂലൈ 29
**കോഴിക്കോട് സാഹിത്യ നാഗരിയിലേക്കൊരു യാത്ര**

വിദ്യാരംഗം

വൈക്കം മുഹമ്മദ് ബഷീർ ഭവനം സന്ദർശനം

എസ് കെ പൊറ്റക്കാട് മ്യൂസിയം സന്ദർശനം

അർഷാദ് ബത്തേരിയുമായി അഭിമുഖം

മിട്ടായിത്തെരുവിലൂടെ യാത്ര

### ജൂലൈ 17
**സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്**

ക്ലാസ് ലീഡർ തെരഞ്ഞെടുപ്പ്

സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്

പാർലമെന്റ് രൂപീകരണം

### ജൂലൈ 23
**ഫീൽഡ് ട്രിപ്പ്**

**സയൻസ് ക്ലബ്ബ്**

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് പഠന യാത്ര

ഏഴാം ക്ലാസ്സിലെ കുട്ടികൾ മാത്രം

### ജൂലൈ 18
**വാങ്മയ പരീക്ഷ**

വിദ്യാരംഗം പരീക്ഷ

എൽ പി /യു പി കുട്ടികൾക്ക്

### ജൂലൈ 11, 25
**SRG MEETING**



# GMUP SCHOOL

AREEKODE

MALAPPURAM



NO TO

# വിദ്യാഭ്യാസ കലണ്ടർ 2025-26

## ആഗസ്റ്റ് 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 31 |  | ചിന്തയേക്കാൾ വലിയ ശക്തിയില്ല – ഗാന്ധിജി | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## സ്കൂൾതല പ്രവർത്തനങ്ങൾ

### ആഗസ്റ്റ് 6

**ഹിരോഷിമ ദിനം**

യുദ്ധ വിരുദ്ധ പ്രതിജ്ഞ

സോഡോക്കോ നിർമ്മാണം

യുദ്ധ വിരുദ്ധ റാലി

വീഡിയോ പ്രദർശനം

### ആഗസ്റ്റ് 9

**ക്വിറ്റ് ഇന്ത്യ ദിനം**

ക്വിസ്

മുദ്രാഗീതം നിർമ്മാണം

ചിത്രീകരണം

### ആഗസ്റ്റ് 12

**യുവജന ദിനം**

സ്വാമി വിവേകാനന്ദൻ

അനുസ്മരണം

### ആഗസ്റ്റ് 17

**കർഷക ദിനം**

പ്രാദേശിക കർഷകനുമായി അഭിമുഖം

കൃഷിച്ചൊല്ലുകൾ ശേഖരിക്കൽ

സ്കൂൾ പച്ചക്കറിത്തോട്ടം പരിപാലനം

### ആഗസ്റ്റ് 15

**സ്വാതന്ത്ര്യ ദിനം**

പതാക ഉയർത്തൽ

പായസ വിതരണം

എസ് പി ജി പരേഡ്

ദേശഭക്തിഗാന മത്സരം

പതാക നിർമ്മാണം

അമ്മയും കുഞ്ഞും

കാഹൂത് ഗ്ലോബൽ മീഡിയ ക്വിസ് മത്സരം

### ആഗസ്റ്റ് 20

ഒന്നാം പാദ വർഷ പരീക്ഷ ആരംഭം

### ആഗസ്റ്റ് 29

**ONAM CELEBRATION**

സ്കൂൾ അടക്കുന്ന ദിവസം

ഓണാഘോഷ പരിപാടികൾ

### ആഗസ്റ്റ് 8,22

**SRG MEETING**

**(LP & UP)**



# GMUP SCHOOL

AREEKODE

MALAPPURAM



## വിദ്യാഭ്യാസ കലണ്ടർ 2025-26

## സെപ്റ്റംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | ഒരു വിദ്യാർത്ഥിക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല പാഠപുസ്തകം അദ്ധ്യാപകനാണ് | | | |

## സ്കൂൾതല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| സെപ്റ്റംബർ 8<br>അവധിക്ക് ശേഷം സ്കൂൾ തുറക്കുന്ന ദിവസം | സെപ്റ്റംബർ 15<br>ലോക ജനാധിപത്യ ദിനം<br>എസ് എസ് ക്ലബ്ബ്<br>ജനാധിപത്യം മരിക്കുന്നുവോ? സെമിനാർ<br>സ്കൂൾ പാർലമെന്റ് സമ്മേളനം | സെപ്റ്റംബർ 26<br>വീട് സന്ദർശനം<br>മുഴുവൻ കുട്ടികളുടെയും വീടുകൾ സന്ദർശിക്കുന്ന പരിപാടിക്ക് ആരംഭം കുറിക്കുന്നു<br>മെന്റർ മെന്റി സിസ്റ്റം നടപ്പാക്കുന്നു. | സെപ്റ്റംബർ 1-2-3<br>LSS / USS ക്യാമ്പ്<br>മത്സര പരീക്ഷക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് ത്രിദിന പരിശീലനം<br>വിദഗ്ധ ക്ലാസുകൾ<br>ഒ എം ആർ പരീക്ഷകൾ |
| സെപ്റ്റംബർ 11<br>സ്കൂൾ ശാസ്ത്രമേള<br>ഗണിതം/ശാസ്ത്രം/സാമൂഹ്യ ശാസ്ത്രം പ്രവൃത്തിപരിചയം<br>ഉച്ചക്ക് രണ്ട് മുതൽ നാല് വരെ | സെപ്റ്റംബർ 23<br>സ്കൂൾ കലോത്സവം<br>ജനറൽ അറബി ഇനങ്ങൾ<br>ഹൗസ് അടിസ്ഥാനത്തിൽ മത്സരം<br>വിജയികളെ സബ്ജില്ലയിലേക്ക്<br>ഓവർ ആൾ ട്രോഫി വിതരണം | സെപ്റ്റംബർ 29<br>എസ് പി ജി യാത്ര<br>സ്കൂളിലെ എസ് പി ജി കുട്ടികൾക്ക് ഏകദിന പഠന യാത്ര | സെപ്റ്റംബർ 12,19<br>SRG MEETING<br>(LP & UP)<br>സെപ്റ്റംബർ 15<br>CPTA |

# GMUP SCHOOL

AREEKODE

MALAPPURAM





## വിദ്യാഭ്യാസ കലണ്ടർ 2025-26

## ഒക്ടോബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| വിദ്യാഭ്യാസമെന്നത് മനസിന്റെയും, ഹൃദയത്തിന്റെയും പൂർണ്ണ വികാസമാണ്. | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 |  |

## സ്കൂൾതല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| ഒക്ടോബർ 13<br>സംസ്ഥാന കായിക ദിനം<br>സ്കൂൾ സ്പോർട്സ് ഡേ<br>ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരം<br>മാർച്ച് പാസ്റ്റ് | ഒക്ടോബർ 16<br>ലോക ഭക്ഷ്യ ദിനം<br>ക്ലാസ്തല ചർച്ച പോഷകാഹാരത്തിന്റെ പ്രാധാന്യം<br>ഹെൽത്തി ഫുഡ് ഷോ<br>poster competition | ഒക്ടോബർ 29<br>ഇന്റർനെറ്റ് ദിനം<br>സൈബർ സുരക്ഷാ വിദഗ്ധ ക്ലാസ്<br>ഇന്റർനെറ്റ് ഗുണവും ദോഷവും ഡിബേറ്റ് | ഒക്ടോബർ 31<br>പാർലമെന്റ് മീറ്റിംഗ്<br>അവലോകനം<br>ചോദ്യോത്തരവേള |
| ഒക്ടോബർ 15<br>ലോക വിദ്യാർത്ഥി ദിനം<br>എ പി ജെ കലാം<br>അനുസ്മരണം<br>പ്രസംഗ മത്സരം | ഒക്ടോബർ 24<br>യു എൻ ദിനം<br>ഐക്യരാഷ്ട്ര സഭ ക്വിസ്<br>ഡോക്യുമെന്ററി | ഒക്ടോബർ 31<br>ദേശീയ പുനർപ്പണ ദിനം<br>മൗനാചരണം<br>ദേശീയോദ്ഗ്രഥന പ്രതിജ്ഞ<br>ഇന്ദിരാഗാന്ധി അനുസ്മരണം | ഒക്ടോബർ 10<br>&<br>ഒക്ടോബർ 24<br>എസ് ആർ ജി മീറ്റിംഗ് |




# GMUP SCHOOL

AREEKODE

MALAPPURAM



NO TO

# വിദ്യാഭ്യാസ കലണ്ടർ 2025-26

## നവംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 30 | പഠനമാണ് ലഹരി | ഇന്നു ചെയ്യുന്ന പ്രവൃത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി - ഗാന്ധിജി | | | | 1 [illegible] |
| 2 | 3 | 4 | 5 | 6 | 7 [illegible] | 8 |
| 9 [illegible] | 10 [illegible] | 11 [illegible] | 12 | 13 | 14 [illegible] | 15 |
| 16 [illegible] | 17 | 18 | 19 [illegible] | 20 [illegible] | 21 | 22 |
| 23 | 24 | 25 | 26 [illegible] | 27 | 28 | 29 |

## സ്കൂൾതല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| നവംബർ 1<br>കേരളപ്പിറവി ദിനം<br>ബിഗ് മാപ് നിർമ്മാണം<br>മലയാള ഭാഷ മത്സരങ്ങൾ<br>കേരളത്തനിമ വേഷവിധാനം | നവംബർ 11<br>വിദ്യാഭ്യാസ ദിനം<br>ആസാദ് അനുസ്മരണം<br>ക്ലാസ് റൂം ഡിബേറ്റ് ' ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ഭാവി | നവംബർ 14<br>ലോക പ്രമേഹ ദിനം<br>ജീവിത ശൈലീ രോഗങ്ങൾക്കെതിരെ കാമ്പെയ്ൻ<br>ബോട്ടിൽഡ് ഡ്രിങ്ക്സ്നെതിരെ പ്രൊജക്റ്റ് | നവംബർ 27<br>സ്കൂൾ പഠന യാത്ര<br>പഠന പ്രാധാന്യമുള്ള സ്ഥലം<br>യാത്രാവിവരണം തയാറാക്കൽ |
| നവംബർ 7<br>സി വി രാമൻ ദിനം<br>സി വി രാമൻ അനുസ്മരണം<br>ശാസ്ത്ര പരീക്ഷണങ്ങൾ തത്സമയ മത്സരം | നവംബർ 14<br>ശിശു ദിനം<br>ചാച്ചാജി അനുസ്മരണം<br>കുട്ടി ചാച്ചാജിമാർ<br>നെഹ്റു ക്വിസ് | നവംബർ 26<br>ഭരണഘടനാ ദിനം<br>ഭരണഘടനയുടെ പിന്നാമ്പുറങ്ങൾ വീഡിയോ ഷോ<br>പ്രബന്ധ മത്സരം ഭരണഘടനയുടെ ഭാവി<br>ഭരണ ഘടന ക്വിസ് | നവംബർ 7,21<br>**SRG MEETING**<br>**(LP & UP)** |



# GMUP SCHOOL

AREEKODE

MALAPPURAM



## വിദ്യാഭ്യാസ കലണ്ടർ 2025-26

## ഡിസംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ | | |

## സ്കൂൾതല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| ഡിസംബർ 1<br>ലോക എയ്ഡ്സ് ദിനം<br>റെഡ് റിബൺ കാമ്പെയ്ൻ<br>പോസ്റ്റർ/സ്ലോഗൻ മത്സരം | ഡിസംബർ 10<br>മനുഷ്യാവകാശ ദിനം<br>എന്റെ അവകാശങ്ങൾ, നിന്റെ ഉത്തരവാദിത്തങ്ങൾ സെമിനാർ<br>റൈറ്റ്സ് വാക്ക് കാമ്പെയ്ൻ | ഡിസംബർ 19<br>SECOND TERM<br>പരീക്ഷ കഴിഞ്ഞു സ്കൂൾ അടക്കുന്ന ദിവസം<br>ക്രിസ്തുമസ് ആഘോഷം | ഡിസംബർ 22-27<br>എൽ എസ് എസ് / യു എസ് എസ് പഠന ക്യാമ്പ് |
| ഡിസംബർ 3<br>ലോക ഭിന്നശേഷി ദിനം<br>ഒരു ദിനം കണ്ണുകൾ കെട്ടി<br>ഭിന്നശേഷിയുള്ള വ്യക്തികളുമായി ഇന്റർവ്യൂ<br>സോളിഡാരിറ്റി ചെയിൻ | ഡിസംബർ 11<br>രണ്ടാംപാദ പരീക്ഷകളുടെ ആരംഭം | ഡിസംബർ 29<br>ക്രിസ്തുമസ് അവധിക്ക് ശേഷം സ്കൂൾ തുറക്കുന്ന ദിവസം | ഡിസംബർ — 5,19<br>SRG MEETING<br>(LP & UP) |




# GMUP SCHOOL

**AREEKODE**

**MALAPPURAM**



## വിദ്യാഭ്യാസ കലണ്ടർ 2025-26

## ജനുവരി 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
|  പഠനമാണ് ലഹരി | ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാപിതാക്കൾ അധ്യാപകരും. - ഗാന്ധിജി | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 ലോക ഹിന്ദി ദിനം |
| 11 | 12 ദേശീയ യുവജനദിനം | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 ദേശീയ ബാലികാദിനം |
| 25 | 26 റിപ്പബ്ലിക് ദിനം | 27 | 28 | 29 | 30 രക്തസാക്ഷി ദിനം | 31 |

## സ്കൂൾതല പ്രവർത്തനങ്ങൾ

**ജനുവരി 6**

**CPTA MEETING**

രണ്ടാംപാദ വാർഷിക പരീക്ഷ അവലോകനം

**ജനുവരി 10**

**ലോക ഹിന്ദി ദിനം**

സ്കൂൾ അസംബ്ലിയിൽ ഹിന്ദിയിൽ പ്രതിജ്ഞ

ഹിന്ദിയിൽ ആശംസാ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്യുക.

**ജനുവരി 26**

**റിപ്പബ്ലിക് ദിനം**

പതാക ഉയർത്തൽ

എസ് പി ജി പരേഡ്

ഭരണഘടനാ പീഠിക

ദേശീയഗാന മത്സരം

ബാലാവകാശങ്ങൾ ചർച്ച ചെയ്യൽ.

**ജനുവരി 30**

**രക്തസാക്ഷി ദിനം**

ഡോക്യുമെന്ററി പ്രദർശനം

എന്റെ ഹീറോ ഭഗത് സിംഗ് എസ്സേ മത്സരം.

സ്വാതന്ത്ര്യത്തിന്റെ മരം

**ജനുവരി 30-31**

**ENGLISH CAMP FOR UP CHILDREN**

**ജനുവരി 24**

**SPG PARADE TRAINING**

**ജനുവരി 9,23**

**SRG MEETING (LP & UP)**

# GMUP SCHOOL

AREEKODE

MALAPPURAM





## വിദ്യാഭ്യാസ കലണ്ടർ 2025-26

## ഫെബ്രുവരി 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |



വിദ്യാഭ്യാസം എന്നത് കേവലം അക്ഷരാഭ്യാസത്തിലൂടെയോ പുസ്തകങ്ങളിലൂടെയോ നേടുന്ന അറിവല്ല,
മറിച്ച് വ്യക്തിയുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും ഒരുപോലെ വികസിപ്പിച്ച്
അവരെ സ്വയംപര്യാപ്തരും ധാർമിക മൂല്യമുള്ളവരുമാക്കുന്ന ഒരു പ്രക്രിയയാണ്. - ഗാന്ധിജി

### സ്കൂൾതല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| ഫെബ്രുവരി **2-12**<br>**LSS/USS MODEL EXAMS** | ഫെബ്രുവരി 20<br>**SPG CAMP** | ഫെബ്രുവരി 25<br>**ELITE GROUP OMR EXAM** |  |
| ഫബ്രുവരി **16-26**<br>**LSS/USS NIGHT CAMP** | ഫെബ്രുവരി 28<br>**LSS/USS FINAL EXAM** | ഫെബ്രുവരി 6,20<br>**SRG MEETING (LP & UP)** | |

# GMUP SCHOOL

**AREEKODE**

**MALAPPURAM**





## വിദ്യാഭ്യാസ കലണ്ടർ 2025-26

## മാർച്ച് 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | പഠനമാണ് ലഹരി | ലോകത്തിൽ യഥാർത്ഥ സമാധാനം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ കുട്ടികളിൽ നിന്ന് ആരംഭിക്കുക - ഗാന്ധിജി | | |

## സ്കൂൾതല പ്രവർത്തനങ്ങൾ

| | | |
|---|---|---|
| **മാർച്ച് 4**<br>വൈകുണ്ഠ സ്വാമി ജയന്തി<br>അനുസ്മരണം<br>ചരിത്ര പ്രതിപാദനം | **മാർച്ച് 31**<br>**ANNUAL DAY CELEBRATIONS**<br>**MIKAV PRESENTATION** | **മാർച്ച് 30**<br>അവധിക്കാല പ്രവർത്തന പാക്കേജ് വിതരണം |
| **മാർച്ച് 18**<br>**THIRD TERM EXAM STARTS** | **മാർച്ച് 6,20**<br>**SRG MEETING**<br>**(LP & UP)** |  |

## നൂതന / സവിശേഷ അക്കാദമിക പൊതുപ്രവർത്തനങ്ങൾ

| നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1-7 | • Film festival<br>• English Assembly<br>• E-cube<br>• English Magazine<br>• English Fest | 1 വർഷം | ക്ലാസ് ടീച്ചർ/ SRG CONV ENOR | 5000 |
| 2. | സ്മാർട്ട് ടി വി എല്ലാ ക്ലാസ്സിലും | 1-7 | • ഓരോ കുട്ടിയെയും വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കുക<br>• ഡിജിറ്റൽ പഠന വിഭവങ്ങൾ എളുപ്പത്തിൽ കുട്ടികൾക്ക് എത്തിക്കുക.<br>• അധ്യാപകർക്ക് ക്ലാസ്സ്റൂം വിനിമയം എളുപ്പമാക്കുക | 1 വർഷം | PTA/ STAFF | 300000 |
| 3. | പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പുവരുത്തുക | 1-7 | • കമ്മറ്റി രൂപീകരണം, ശുചിത്വം, ശുദ്ധമായ കുടിവെള്ളം,<br>• പാൽ, മുട്ട വിതരണം,<br>• ഭക്ഷണ സാധനങ്ങളുടെ ശേഖരണം. സ്പോൺസർ മാരെ കണ്ടെത്തൽ | ജൂൺ- മാർച്ച് | PTA MPTA | Govt. PTA |
| 4. | മേളകളിൽ മികച്ച വിദ്യാർഥികളെ കണ്ടെത്തൽ | 1-7 | • സ്കൂൾ തലത്തിൽ മേളകൾ സംഘടിപ്പിച്ച് പരിശീലനം നൽകുക<br>• രക്ഷിതാക്കൾക്കുള്ള ബോധവത്കരണം | ജൂലായ്- ഡിസംബർ | HM, PTA, MPTA | 5000 |
| 5. | രക്ഷിതാക്കളുടെ അക്കാദമിക പിന്തുണ. കുട്ടികളുടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന കഴിവുകൾ അതത് ക്ലാസുകളിൽ | 1-7 | • ക്ലാസടിസ്ഥാനത്തിൽ പഠന നേട്ടങ്ങൾ രക്ഷിതാക്കൾക്ക് നൽകുക<br>• ക്ലാസ്റൂം പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കാളികളാക്കുക. | 1 വർഷം | ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | | • നിരന്തര മൂല്യനിർണയം രക്ഷിതാക്കൾക്ക് എത്തിക്കുക.<br>• ഗൃഹസന്ദർശനം ക്ലാസടിസ്ഥാനത്തിൽ | | | |
| 6. | അച്ചടക്കവും വൃത്തിയുമുള്ള സമൂഹമായി വിദ്യാർത്ഥികളെ മാറ്റിയെടുത്ത് മികച്ച വ്യക്തിത്വ പരിശീലനം നൽകുക | 1-7 | • എല്ലാ ക്ലാസ്സുകൾക്ക് മുന്നിലും ഷൂ റാക്ക് സ്ഥാപിക്കുക. ചെരുപ്പുകൾ അതിൽ അടുക്കി വെക്കുക<br>• മാസത്തിൽ ബെസ്റ്റ് ക്ലീൻഡ് ക്ലാസ്റൂമിന് സമ്മാനം നൽകുക<br>• ക്ലാസ് റൂമിൽ ഉണ്ടാകുന്ന വേസ്റ്റ് തരംതിരിച്ച് പ്രത്യേക സ്റ്റോറേജുകളിൽ സ്ഥാപിച്ച് പഞ്ചായത്തിന് കൈമാറുക<br>• സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തൽ<br>• അസംബ്ലി, ബാലസഭ<br>• സഹപാഠിക്ക് ഒരു കൈത്താങ്ങ്. | 6 മാസം | PTA<br>ക്ലാസ് ടീച്ചർ | |
| 7. | പരിസ്ഥിതി സൗഹൃദമായ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കൽ | 1-7 | • പച്ചക്കറിത്തോട്ടം<br>• ഫീൽഡ് ട്രിപ്പ്<br>• ബോധവത്ക്കരണ ക്ലാസ്.<br>• സ്കൂൾ ബ്യൂട്ടിഫിക്കേഷൻ<br>• പരിസ്ഥിതി സഹവാസ ക്യാമ്പുകൾ | 1 വർഷം | Teachers<br>PTA<br>MPTA | SSA |
| 8. | കായിക വിദ്യാഭ്യാസം | 1-7 | • ഓപ്പൺ ജിം സ്ഥാപിക്കൽ<br>• സുമ്പ ക്ലബ് വിപുലപ്പെടുത്തൽ<br>• കായികശേഷി വികസനത്തിനുതകുന്ന മാസ് ഡ്രിൽ<br>• യോഗ പരിശീലനം<br>• കരാട്ടെ പരിശീലനം | 6 മാസം | പ്രത്യേകം<br>Teachers | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | | | • സ്കൂൾ സ്പോർട്സ് നടത്തൽ<br>• ഇന്റർ ക്ലാസ് ഫുട്ബാൾ മത്സരം സംഘടിപ്പിക്കൽ | | | |
| 9 | ഇന്ററാക്ടിവ് സ്റ്റുഡിയോ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ | 1-7 | • ഐ ടി പഠനം ഒന്ന് മുതൽ ഏഴു ക്ലാസ് വരെ കാര്യക്ഷമമാക്കൽ<br>• ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ഇ ക്യൂബ് മുഴുവൻ ക്ലാസ്സുകൾക്കും നൽകൽ<br>• ഓൺലൈൻ പരീക്ഷകൾ സംഘടിപ്പിക്കൽ<br>• കാഹൂത് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും മൾട്ടി മീഡിയ ക്വിസ് " | 1 വർഷം | Teachers<br>PTA<br>MPTA | 2500 |
| 10 | ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും ശക്തിപ്പെടുത്തൽ | 1-7 | • ക്ലാസ് ലൈബ്രറിയിലേക്ക് ഒരു കുട്ടി ഒരു പുസ്തകം സംഭാവന ചെയ്യൽ<br>• മികച്ച ക്ലാസ് ലൈബ്രറിക്ക് പി ടി എ വക റോളിങ് ട്രോഫി ഏർപ്പെടുത്തൽ<br>• ക്ലാസ് ലൈബ്രേറിയൻ വഴി പുസ്തക വിതരണം ഊർജ്ജിതമാക്കൽ<br>• സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ<br>• പി ടി എ പ്രത്യേക ലൈബ്രേറിയനെ നിയമിക്കൽ<br>• ആസ്വാദനക്കുറിപ്പ് വിലയിരുത്തൽ സമ്മാനങ്ങൾ നൽകൽ | 1 വർഷം | Teachers<br>PTA<br>MPTA | 3500 |

| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് വേണ്ട പ്രത്യേക പഠനപ്രവർത്തനങ്ങൾ | 1-7 | • ചിഹ്നങ്ങൾ, സംഖ്യാബോധം തുടങ്ങിയവ ഉറയ്ക്കുന്നതിനും പ്രവർത്തനങ്ങൾ<br>• SMART പഠന പിന്നാക്കം ഉള്ള കുട്ടികൾക്ക് പ്രത്യേക പരിഹാര ബോധന ക്ലാസുകൾ<br>• വൈകല്യമുള്ള കുട്ടികളെ അവരുടെ വീട്ടിൽ എത്തി കൈത്താങ്ങ് നൽകൽ | 1 വർഷം | Teachers<br>PTA<br>MPTA | 5000 |
| 12 | എൽ എസ് എസ് / യു എസ് എസ് കുട്ടികൾക്കുള്ള സഹവാസ ക്യാമ്പുകൾ | 4,7 | • LSS /USS ലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷക്കാവശ്യമായ രീതിയിൽ വിദഗ്ധ അധ്യാപകരെ പ്രയോജനപ്പെടുത്തി പത്ത് ദിവസത്തെ സഹവാസ ക്യാമ്പുകൾ<br>• EXPERT ക്ലാസുകൾ<br>• മാതൃക പരീക്ഷകൾ | 6 മാസം | Teachers<br>PTA<br>MPTA | 8000 |
| 13 | വീട് സന്ദർശനം | 1-7 | • അധ്യാപകർ ഗ്രൂപ്പായി തിരിഞ്ഞു കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ കുടുംബ പശ്ചാത്തലം മനസ്സിലാക്കുന്നു.<br>• മെന്റർ...മെന്റി സിസ്റ്റം നടപ്പിലാക്കുന്നു. | 1 വർഷം | അധ്യാപകർ | |
| 14 | എലൈറ്റ് ഗ്രൂപ്പ് രൂപീകരിക്കൽ | | • ആറ്, മൂന്ന് ക്ലാസ്സിലെ മികച്ച കുട്ടികൾക്കുള്ള പഠന പോഷണ പരിപാടി<br>• വിദഗ്ധ ക്ലാസുകൾ<br>• പാഠപുസ്തകത്തിനുമപ്പുറം പഠനത്തെ എത്തിക്കൽ<br>• മത്സര പരീക്ഷ പരിശീലനം | 1 വർഷം | അധ്യാപകർ | 5000 |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## 1. സയൻസ് ക്ലബ്ബ്

<u>ലക്ഷ്യങ്ങൾ</u>

- കുട്ടികളിൽ ശാസ്ത്രപഠന താൽപര്യം വർദ്ധിപ്പിക്കുന്നതിനും അന്വേഷണത്വര സൃഷ്ടിക്കുന്നതിനും
- വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്
- വിവിധ കാർഷിക രീതികൾ നേരിട്ട് കണ്ടു മനസ്സിലാക്കുന്നതിന്
- കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്താനുള്ള ഫിലിം /ഡോക്യുമെന്ററി പ്രദർശനങ്ങൾ , ക്വിസുകൾ എന്നിവ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന്

<u>പ്രവർത്തനങ്ങൾ</u>

1. <u>വാനനിരീക്ഷണ ക്യാമ്പ്</u>

| | |
|---|---|
| പ്രവർത്തന കാലയളവ് | ഫെബ്രുവരി |
| ചുമതല | സയൻസ് അധ്യാപകർ |
| ഏകദേശ ചിലവ് | 3000 രൂപ |

2. <u>സയൻസ് പതിപ്പുകൾ</u>

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ജൂൺ, ജൂലൈ, സപ്തംബർ, ഫെബ്രുവരി |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ |
| ഏകദേശ ചിലവ് | 500 രൂപ |

3. <u>ദിനാചരണ ക്വിസ്</u>

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം തുടങ്ങിയ ദിനങ്ങളോടനുബന്ധിച്ച് കുട്ടികൾക്കായി ഡോക്യുമെന്ററി പ്രദർശനം/പ്രത്യേക ക്ലാസ്സ്/ പഠന സാമഗ്രി നൽകുന്നു. അതിൽ നിന്നും തിരഞ്ഞെടുത്ത ചോദ്യങ്ങൾ ഉൾപ്പെടു ത്തി സ്മാർട്ട് ടി വി ഉപയോഗിച്ച് മൾട്ടി മീഡിയ ക്വിസ് മത്സരം നടത്തുന്നു. ക്വിസിനായുള്ള ചോദ്യങ്ങൾ, സ്ലൈഡുകൾ എന്നിവ ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ജൂൺ, ജൂലൈ, സപ്തംബർ, ഫെബ്രുവരി |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ, ക്ലബ് ലീഡർമാർ |
| ഏകദേശ ചിലവ് | 500 രൂപ |

4. <u>വാതിൽപുറ പഠനം</u>

കാർഷിക ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കൽ, പ്രവർത്തനങ്ങൾ നിരീക്ഷിക്കൽ, പുതിയ വിത്തുകൾ ,കൃഷിരീതികൾ എന്നിവ നേരിട്ട് കണ്ട് മനസ്സിലാക്കൽ

| | |
|---|---|
| പ്രവർത്തന കാലയളവ് | ആഗസ്ത് ..സെപ്റ്റംബർ |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ, ക്ലബ് ലീഡർമാർ |
| ഏകദേശ ചിലവ് | 10000 രൂപ |

5. <u>മിനി ശാസ്ത്രമേള</u>

ശാസ്ത്ര ബോധം വളർത്താനും ലഘു പരീക്ഷണങ്ങൾ നടത്തുന്നതിനും വേണ്ടി ക്ലാസുകൾ തമ്മിൽ മത്സര രൂപത്തിൽ ശാസ്ത്ര മേള നടത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലനം നൽകി ഉപജില്ലാ ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ആഗസ്ത് ..സെപ്റ്റംബർ |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ, സയൻസ് അധ്യാപകർ |

## 2. ഗണിത ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

- ഗണിത പഠന താൽപര്യം വളർത്തുകയും ഗണിത പഠനത്തിലെ സർഗ്ഗാത്മകത ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക
- ഗണിതവുമായി ബന്ധപ്പെട്ട ആനുകാലിക വിജ്ഞാനം സ്വായത്തമാക്കുക
- ഗണിതവുമായി ബന്ധപ്പെട്ട പ്രയോഗികപ്രശ്നങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ പ്രാപ്തരാക്കാൻ

**പ്രവർത്തനങ്ങൾ**

1. **പസിൽ ബോർഡ്**

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്ക്കൂളിൽ പൊതുവായി പസിൽ ബോർഡ് സ്ഥാപിക്കുന്നു. ഓരോ ആഴ്ചയും ഗണിത ക്ലബ്ബ് അംഗങ്ങൾ ഗണിത പസിലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ പരിശോധിച്ച് അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ജൂൺ ...മാർച്ച് |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ |
| പ്രതീക്ഷിക്കുന്ന ചിലവ് | 300 രൂപ |

2. **ഗണിത ക്വിസ് / മത്സരങ്ങൾ**

ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ ടീമായോ വ്യക്തിപരമായോ യുക്തിചിന്തക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന മത്സരങ്ങൾ ഒരുക്കുക

| | |
|---|---|
| പ്രവർത്തന കാലയളവ് | ജൂൺ..... മാർച്ച് |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ |
| പ്രതീക്ഷിക്കുന്ന ചിലവ് | 500 രൂപ |

3. **ഗണിത പ്രദർശനം / പ്രൊജക്റ്റുകൾ**

ക്ലാസ്സടിസ്ഥാനത്തിൽ മോഡലുകൾ , ചാർട്ടുകൾ, ഗെയിമുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ മത്സര രൂപത്തിൽ സംഘടിപ്പിക്കുക .വിദ്യാർത്ഥികൾ തയ്യാറാക്കിയ ഗണിത മോഡലുകൾ, ചാർട്ടുകൾ, ഗെയിമുകൾ സ്കൂളിൽ പൊതുവായി പ്രദർശിപ്പിച്ച് എല്ലാ കുട്ടികൾക്കുംകാണാനുള്ള അവസരം ഒരുക്കുക.മികച്ച കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ഗണിതമേളകളിൽ പങ്കെടുപ്പിക്കുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ആഗസ്ത് ..സെപ്റ്റംബർ |
| നിർവ്വഹണ ചുമതല | ക്ലബ്ബ് കോർഡിനേറ്റർ |
| പ്രതീക്ഷിക്കുന്ന ചിലവ് | 500 രൂപ |

4. **പ്രായോഗിക പ്രവർത്തനങ്ങൾ**

ഗണിതം ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ഉദാ: മാർക്കറ്റിൽ സാധനങ്ങളുടെ വില കണക്കാക്കൽ, സമയപ്പട്ടിക വിശകലനം). സ്കൂൾ ഗാർഡനിൽ നീളം/വിസ്തീർണ്ണം അളക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

| | |
|---|---|
| പ്രവർത്തന കാലയളവ് | ഒക്ടോബർ ഡിസംബർ |
| നിർവ്വഹണ ചുമതല | ഗണിതാധ്യാപകർ |

5. **മത്സര പരീക്ഷ പരിശീലനം**

യുക്തി ചിന്തക്ക് പ്രധാന്യം നൽകുന്ന രീതിയിൽ പ്രത്യേക വർക്ക് ഷീറ്റുകൾ നൽകി കുട്ടികൾക്ക് മത്സര പരീക്ഷകളിൽ ചോദിക്കുന്ന ഗണിത പ്രശനങ്ങൾ ചെയ്യുന്നതിൽ പരിശീലനം നൽകുന്നു.

| | |
|---|---|
| പ്രവർത്തന കാലയളവ് | ജൂൺ..... മാർച്ച് |
| നിർവ്വഹണ ചുമതല | ഗണിതാധ്യാപകർ |

# 3. ENGLISH CLUB

**Objectives:**

- Enhance **vocabulary** and **word recognition**.
- Encourage **imagination** and **self-expression** in English.
- Boost **confidence** in speaking English.
- Cultivate a **love for reading**.
- Strengthen **comprehension** and **critical thinking**.
- Improve **descriptive language** (e.g., describing objects in "Show and Tell").
- Link **visual creativity** with **language learning**.

**ACTIVITIES**

**1. Fun with Language Games**

- Word Chain: Students say a word, and the next student says a word starting with the last letter of the previous word.
- Pictionary/Charades: Act out or draw English words for others to guess.
- Spelling Bee: A friendly competition to improve spelling skills.

| | |
|---|---|
| Duration | June …March |
| Duty | English teachers |

**2. Creative Writing & Storytelling workshop**

- Story Cubes: Roll dice with pictures and create a story using those images.
- Poetry Corner: Write simple poems (acrostic, haiku) or rhyming words.
- Puppet Shows: Use puppets to act out short dialogues or stories.
- Role-Playing: Pretend to be characters from books or real-life situations (e.g., shopkeeper-customer).
- Reader's Theatre: Perform a short script without full costumes, focusing on expressive reading.

| | |
|---|---|
| Duration | December …February |
| Duty | club coordinator ..English teacher |
| Expense | Rs 3000 |

**3. Arts & Crafts with English workshop**

- Comic Strip Creation: Draw comics with speech bubbles in English.
- Poster Making: Design posters on themes like "Save Trees" with slogans.
- Word Collage: Cut out magazine words to form sentences.

| | |
|---|---|
| Duration | December …February |
| Duty | club coordinator ..English teachers |
| Expense | Rs 2000 |

**4. Interactive Digital Activities**

- Audio Stories: Listen to audiobooks and retell the story.
- Video Narrations: Watch a short silent clip and describe what's happening.

| | |
|---|---|
| Duration | December …February |
| Duty | English teachers |
| Expense | Rs 1000 |

**5. Theme-Based Celebrations**

- English Day: speak only in English a day per week. Conducts English assembly a day per month.
- Word of the Week: Introduce a new word daily and use it in sentences.
- English fest: conducts English fest to present English activities in February or March

| | |
|---|---|
| Duration | June…February |
| Duty | English teachers |
| Expense | Rs 5000 |

**6. E-Cube strengthening**

- Allot extra period for Ecube
- Teachers use studio or smart TV for the transaction of E-Cube
- Special focus on listenng and speaking

| | |
|---|---|
| Duration | June…February |
| Duty | English teachers |

# 4. ഹിന്ദി ക്ലബ്ബ്

ലക്ഷ്യങ്ങൾ

- ➢ ഹിന്ദി പഠനത്തിൽ താൽപര്യമുണർത്തുന്ന വിധം നിത്യജീവിതവുമായിബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുക
- ➢ സ്വാഭാവിക സാഹചര്യത്തിൽ ഹിന്ദി ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുക

പ്രവർത്തനങ്ങൾ

1. ഭാഷാ കളികൾ

- ഫ്ലാഷ് കാർഡ് ക്വിസ് (ദൃശ്യങ്ങൾ/വസ്തുക്കൾ കണ്ട് പേര് പറയൽ).
- അക്ഷരമാല ഗെയിമുകൾ (ഉദാ: 'ഹിന്ദി വർണ്ണമാലയിലെ അക്ഷരങ്ങൾ കൊണ്ട് പദങ്ങൾ').

| | |
|---|---|
| കാലാവധി | ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | ഹിന്ദി അധ്യാപകർ |

2. സാഹിത്യസംഭാഷണ പ്രവർത്തനങ്ങൾ

- ഹിന്ദി കവിതാ പാരായണം (ചെറിയ ശ്ലോകങ്ങൾ/പദ്യങ്ങൾ).
- ഹിന്ദി കവിത/ചെറുകഥ എഴുത്ത്.

| | |
|---|---|
| കാലാവധി | ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | ഹിന്ദി അധ്യാപകർ |

3. സാംസ്കാരിക പ്രവർത്തനങ്ങൾ

- ഹിന്ദി ദിനാചരണം (പ്രതിഭാ പ്രദർശനം, പാട്ട്, നൃത്തം). സപ്തംബർ 14 ന് ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന, പ്രഭാഷണം എന്നിവ നടത്തുന്നു. ക്ലബ്ബംഗങ്ങൾ നേതൃത്വം നൽകുന്നു.
- ഹിന്ദി ക്വിസ്. പ്രേംചന്ദ് ദിനാചരണം

| | |
|---|---|
| പ്രവർത്തന കാലയളവ് | സെപ്റ്റംബർ |
| ചുമതല | ക്ലബ്ബ് കൺവീനർ |

4. ഡിജിറ്റൽ പ്രവർത്തനങ്ങൾ

- ഹിന്ദി ഡിജിറ്റൽ പത്രിക (e-Magazine):
  വിദ്യാർത്ഥികൾ സൃഷ്ടിക്കുന്ന ഒരു ഓൺലൈൻ മാഗസിൻ. ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, ഹിന്ദി സിനിമ/സംഗീതം സംബന്ധിച്ച വിമർശനങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു.
- ഹിന്ദി പോഡ്കാസ്റ്റ് 'ബോല് രേ!'
  ക്ലബ് അംഗങ്ങൾ സൃഷ്ടിക്കുന്ന ഹിന്ദി ഭാഷയിലുള്ള ഹ്രസ്വ ഓഡിയോ എപ്പിസോഡുകൾ

| | |
|---|---|
| കാലാവധി | ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | ഹിന്ദി അധ്യാപകർ |

## 5. സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്

ലക്ഷ്യങ്ങൾ

- ➢ പുസ്തക പഠനത്തെ യാഥാർത്ഥ്യവുമായി ബന്ധിപ്പിക്കുക.
- ➢ ചരിത്രത്തോടും സാംസ്കാരിക വൈവിധ്യത്തോടും ബഹുമാനം വളർത്തുക.
- ➢ ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാകാൻ പ്രാപ്തമാക്കുക.

1. പ്രായോഗിക പഠന പ്രവർത്തനങ്ങൾ

- ഫീൽഡ് ട്രിപ്പുകൾ: ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ (മ്യൂസിയങ്ങൾ, ക്ഷേത്രങ്ങൾ, കോട്ടകൾ)., ഭൂമിശാസ്ത്രപരമായ സ്ഥലങ്ങൾ (നദികൾ, മലനിരകൾ, എക്കോടൂറിസം സ്പോട്ടുകൾ).
- ഡോക്യുമെന്ററി ചാലിയാർ ചരിത്രം
- സ്കൂൾ ചരിത്രം

| | |
|---|---|
| കാലാവധി | ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | SS അധ്യാപകർ |

2. ചരിത്ര സാംസ്കാരിക പ്രവർത്തനങ്ങൾ

- ചരിത്ര നാടകങ്ങൾ/റോൾ പ്ലേ: പ്രധാന ചരിത്ര സംഭവങ്ങൾ (ഉദാ: ഗാന്ധിജിയുടെ ദാണ്ഡി മാർച്ച്).
